## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 193 — 18.06.2013 ലെ മറുപടിയ്ക്ക്

### കാരുണ്യാ ചികിൽസാ പദ്ധതിപ്രകാരം താലൂക്ക് കേന്ദ്രങ്ങളിൽ സൗജന്യ ഡയാലിസിസ് യൂണിറ്റുകൾ

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്
ശ്രീ. സി. എഫ്. തോമസ്
ശ്രീ. റ്റി. യു. കുരുവിള
ശ്രീ. തോമസ് ഉണ്ണിയാടൻ

(എ) കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയുടെ വിജയം മുൻനിർത്തി പ്രസ്തുത പദ്ധതി വിപുലപ്പെടുത്തുന്നതിനും കൂടുതൽ ആശുപത്രികളെ ഇതിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനും നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ;

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

(എ) കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സയ്ക്കും, ഹീമോഫീലിയ, പാലീയേറ്റീവ് കെയർ എന്നീ ചികിത്സകൾക്കുമാണ് ആദ്യഘട്ടത്തിൽ ധനസഹായം നൽകിയിരുന്നത്. ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾക്കും ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ താലസീമിയ രോഗത്തിനും ചികിത്സാ ധനസഹായം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സിക്കിൾസെൽ അനീമിയ, ഗുരുതരമായ മാനസിക രോഗം എന്നീ രോഗങ്ങൾക്കുള്ള ചികിത്സകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ശുപാർശ ചെയ്യുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

നിശ്ചിത രോഗങ്ങൾക്ക് ആവശ്യമായ വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പരിയാരം, കൊച്ചി എന്നീ സഹകരണ മെഡിക്കൽ കോളേജ് ആശുപത്രികളിലും, ശ്രീചിത്തിര

തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപത്രികളിലും ചികിത്സ തേടുന്നവർക്കാണ് ആദ്യ ഘട്ടത്തിൽ ചികിത്സാ ധനസഹായം ലഭിച്ചിരുന്നത്. തുടർന്ന് വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും നിശ്ചിത ചികിത്സാ പാക്കേജും നിരക്കുകളും അനുസരിച്ച് ചികിത്സ നടത്താൻ തയ്യാറായി കരാർ ഒപ്പുവച്ചിട്ടുള്ളതുമായ 51 സർക്കാരിതര ആശുപത്രി കളിൽ ചികിത്സ തേടുന്നവർക്കും ഈ ചികിത്സാ സഹായം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പാക്കേജുകളും നിരക്കുകളും അംഗീകരിച്ച് ഗുണഭോക്താക്കൾക്ക് ചികിത്സ നൽകാൻ തയ്യാറുള്ള കൂടുതൽ സർക്കാരിതര ആശുപത്രികളെയും വ്യവസ്ഥയനുസരിച്ച് പദ്ധതിയിലേയ്ക്ക് അക്രെഡിറ്റ് ചെയ്യുന്നതാണ്.

കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം ചികിത്സാ ധനസഹായം നല്കാവുന്ന രോഗികൾക്ക് സർജറി ഉൾപ്പെടെയുള്ള ചികിത്സ കഴിഞ്ഞതിനു ശേഷം തുടർ ചികിത്സയ്ക്കായി ധനസഹായം നല്കുന്നതിനുള്ള സാധ്യതകൾ വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നതിന് ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും സൗജന്യ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

(ബി) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ 10 മെഷീനുകൾ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കാൻ അനുമതി നല്കിയിട്ടുണ്ട്.

കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്തെ 27 ജില്ല/ താലൂക്ക് സർക്കാർ ആശുപത്രികളിൽ കൂടി സംസ്ഥാന ആരോഗ്യ വകുപ്പ് ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ ഓരോ താലൂക്കിലും കുറഞ്ഞത് 2 സ്വകാര്യ ഡയാലിസിസ് സെന്ററുകളെ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അക്രെഡിറ്റു ചെയ്യുന്നതിനുള്ള നടപടികളും നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ